ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**TIME: 12.30 PM** **DATE:21.05.2025**

## പ്രധാനവാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ചർച്ചകൾക്കായി സർവകക്ഷി പ്രതിനിധി സംഘങ്ങളുടെ വിദേശപര്യടനത്തിനു തുടക്കമായി; ജെ.ഡി.യു അംഗം സഞ്ജയ് ഝാ നയിക്കുന്ന സംഘത്തിൽ കേരളത്തിൽ നിന്നുള്ള എം.പി ജോൺ ബ്രിട്ടാസും.

2. ചിറയിൻകീഴും വടകരയും ഉൾപ്പടെ രാജ്യത്തെ 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നിർവ്വഹിക്കും.

3. രാജ്യത്ത് വിലക്കയറ്റം ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. ഭീകരതയ്ക്കെതിരെ പോരാടാനുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിച്ച് രാജ്യത്ത് ഇന്ന് ദേശീയ ഭീകരവിരുദ്ധ ദിനാചരണം.

5. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് - ഡൽഹി ക്യാപിറ്റൽസുമായി ഏറ്റുമുട്ടും.

6. സംസ്ഥാനത്ത് മഴ വ്യാപകമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## <u>വിക്രം മിശ്രി- വിദേശ പര്യടനം</u>

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ചർച്ചകൾക്കായി സർവകക്ഷി പ്രതിനിധി സംഘങ്ങളുടെ വിദേശപര്യടനത്തിനു തുടക്കമായി. ജെ.ഡി.യു അംഗം സഞ്ജയ് ഝാ നയിക്കുന്ന സംഘം ന്യൂഡൽഹിയിൽ നിന്ന് യാത്ര പുറപ്പെട്ടു. കേരളത്തിൽ നിന്നുള്ള എം.പി ജോൺ ബ്രിട്ടാസും സംഘത്തിലുണ്ട്. അഞ്ചു രാജ്യങ്ങളാണ് സംഘം സന്ദർശിക്കുക. ശിവസേന എം.പി ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലുള്ള മറ്റൊരു പ്രതിനിധി സംഘവും ഇന്ന് യാത്ര തിരിക്കും. അടുത്ത മാസം 5 വരെ 59 എം.പിമാർ അംഗങ്ങളായ ഏഴ് പ്രതിനിധി സംഘങ്ങൾ 32 രാജ്യങ്ങളിലാണ് സന്ദർശനം നടത്തുക.

&&&&&&&&&&&&&&&&&&&&&&&&&

## <u>പ്രധാനമന്ത്രി - അമൃത് ഭാരത്</u>

രാജ്യത്തെ 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നിർവ്വഹിക്കും. രാജസ്ഥാനിലെ ബിക്കാനിറിലാണ് ഉദ്ഘാടന ചടങ്ങ്. കേരളത്തിലെ ചിറയിൻകീഴ്, വടകര സ്റ്റേഷനുകളും നവീകരിച്ച മാഹി റെയിൽവെ സ്റ്റേഷനും ഇതിൽ ഉൾപ്പെടുന്നു. യാത്രക്കാർക്ക് മികച്ച രീതിയിലുള്ള ടിക്കറ്റ് ബുക്കിംഗ് സംവിധാനങ്ങൾ, വിശ്രമ മുറി, ശുചിമുറികൾ തുടങ്ങിയ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

RNUTVPM

&&&&&&&&&&&&&&&&&&&&&&&&&

## <u>മുഖ്യമന്ത്രി -മലപ്പുറം</u>

രാജ്യത്ത് വിലക്കയറ്റം ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോട് അനുബന്ധിച്ച്

മലപ്പുറത്ത് ജില്ലാ തല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യവസായ മേഖലയിൽ സംസ്ഥാനം വലിയ പുരോഗതിയാണ് കൈവരിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&

## മലപ്പുറം - ദേശീയപാത

മലപ്പുറത്ത് ദേശീയ പാത 66 നിർമ്മാണത്തിൽ ഉണ്ടായ അപാകത അന്വേഷിക്കാൻ ദേശീയപാത അതോറിറ്റി നിയോഗിച്ച വിദഗ്ധ സമിതി ഇന്ന് സ്ഥലം സന്ദർശിക്കും. കൂരിയാടിനും, കൊളപ്പുറത്തിനുമിടയിലാണ് കഴിഞ്ഞ ദിവസം ദേശീയപാതയുടെ ഒരുഭാഗം സർവീസ് റോഡിലേക്ക് ഇടിഞ്ഞുവീണത്. നിർമാണത്തിൽ വീഴ്ചയുണ്ടായോ എന്ന് ദേശീയ പാത അതോറിറ്റിയുമായി ചേർന്ന് പരിശോധിക്കുമെന്ന് മുഖ്യമന്ത്രി ഇന്നലെ വാർത്താസമ്മേളനത്തിൽ അറിയിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&

RNUTVPM

## ദേശീയപാത ഉപരോധം

കണ്ണൂർ തളിപറമ്പിനടുത്ത് കുപ്പത്ത് ദേശീയപാതയിൽ നാട്ടുകാർ റോഡ് ഉപരോധിച്ചു. ഇന്നലെയുണ്ടായ കനത്ത മഴയിൽ നിർമാണം നടക്കുന്ന ദേശീയപാത 66 ൽ നിന്ന് ചെളിയും മണ്ണും സമീപത്തെ വീടുകളിൽ ഒഴുകിയെത്തിയിരുന്നു. നിർമാണത്തിലെ അശാസ്ത്രീയതയാണ് ഇതിന് കാരണമെന്ന് നാട്ടുകാർ ആരോപിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## കടുവ തെരച്ചിൽ

മലപ്പുറം കളിക്കാവിൽ ടാപ്പിങ്ങ് തൊഴിലാളിയെ കൊലപ്പെടുത്തിയ കടുവയ്ക്കായി വനംവകുപ്പ് തെരച്ചിൽ ഊർജിതമാക്കി. വനം മന്ത്രി

എ.കെ ശശീന്ദ്രൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. പുതുതായി മുപ്പത് ക്യാമറകളും രണ്ടിടത്ത് കൂടുകളും സ്ഥാപിച്ചു. തെർമൽ ഡ്രോൺ ഉപയോഗിച്ചുള്ള പരിശോധനയും തുടരുകയാണ്.

&&&&&&&&&&&&&&&&&&&&&&&&&

## പാലക്കാട്-മൃഗങ്ങളുടെ ആക്രമണം (ഇൻട്രോ)

പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുമ്പോഴും ശാശ്വത പരിഹാരം ഉണ്ടാകുന്നില്ലെന്ന പരാതിയിലാണ് മലയോര മേഖലയിലെ ജനങ്ങൾ.

**ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ റിപ്പോർട്ട്......**

**(വോയിസ്)**

&&&&&&&&&&&&&&&&&&&&&&&&&

## ദേശീയ ഭീകരവിരുദ്ധ ദിനം

രാജ്യത്തിന്റെ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ചരമവാർഷിക ദിനമായ ഇന്ന് ആദരാഞ്ജലികൾ അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജീവ് ഗാന്ധിയുടെ ചരമവാർഷികദിനം രാജ്യത്ത് ദേശീയ ഭീകരവിരുദ്ധ ദിനമായാണ് ആചരിക്കുന്നത്. ഭീകരതയും അക്രമവും ജനങ്ങളിലും സമൂഹത്തിലും രാജ്യത്താകമാനവും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ദിനാചരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും മറ്റ് സ്ഥാപനങ്ങളിലും ഭീകര വിരുദ്ധ പ്രതിജ്ഞ എടുക്കും

&&&&&&&&&&&&&&&&&&&&&&&&&

RNUTVPM

## രാജീവ്ഗാന്ധി ചരമവാർഷികം

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ 34-ാാം ചരമവാർഷിക ദിനമായ ഇന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ ന്യൂഡൽഹിയിലെ വീർ ഭൂമിയിൽ എത്തി ആദരാഞ്ജലി അർപ്പിച്ചു. തിരുവനന്തപുരത്ത്, കെ.പി.സി.സി ആസ്ഥാനത്തും രാജീവ് ഗാന്ധി അനുസ്മരണം സംഘടിപ്പിച്ചു. കോൺഗ്രസ് പ്രവർത്തക സമിതി അംഗം എ.കെ.ആന്റണി, കെ.പി.സി.സി അധ്യക്ഷൻ സണ്ണി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&&&&

## മോഷണക്കുറ്റം- സസ്പെൻഷൻ

RNU TVPM

തിരുവനന്തപുരത്ത് മോഷണക്കുറ്റം ആരോപിച്ച് മാനസികമായി പീഡിപ്പിച്ചെന്ന ദളിത് യുവതിയുടെ പരാതിയിൽ പേരൂർക്കട സ്റ്റേഷനിലെ എ എസ് ഐ പ്രസന്നന് സസ്പെൻഷൻ. ജി.ഡി ചുമതലയുണ്ടായിരുന്ന പ്രസന്നൻ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയെന്ന് വ്യക്തമായതായി തിരുവനന്തപുരം സിറ്റി പൊലീസ് കമ്മീഷണർ പറഞ്ഞു. നേരത്തെ എസ്.ഐ പ്രസാദിനെയും സസ്പെൻഡ് ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി -മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122 ആം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും

MyGov ഓപ്പൺ ഫോറത്തിലൂടെയും വെള്ളിയാഴ്ച വരെ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&&&&&&

## അന്താരാഷ്ട്ര ബുക്കർ പുരസ്കാരം

ഇന്ത്യൻ എഴുത്തുകാരിയും അഭിഭാഷകയും ആക്ടിവിസ്റ്റുമായ ബാനു മുഷ്താഖിന് അന്താരാഷ്ട്ര ബുക്കർ പുരസ്കാരം. **'ഹാർട്ട് ലാമ്പ്'** എന്ന ചെറുകഥാ സമാഹാരത്തിനാണ് പുരസ്കാരം ലഭിച്ചത്. കന്നഡ ഭാഷയിൽ എഴുതിയ ഒരു കൃതിക്ക് ഇതാദ്യമായാണ് അന്താരാഷ്ട്ര ബുക്കർ പുരസ്കാരം ലഭിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&

## അന്താരാഷ്ട്ര മ്യൂസിയം ദിനം

അന്താരാഷ്ട്ര മ്യൂസിയം ദിനാഘോഷത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന **കണ്ണാടി-2, മുഖദർശനം, മ്യൂസിയം ദർശനം** പരിപാടിക്ക് ഇന്ന് തുടക്കം. വൈകിട്ട് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഇതിന്റെ ഭാഗമായി വെള്ളിയാഴ്ച വരെ ദിവസവും രാത്രി 8.30 വരെ പൊതുജനങ്ങൾക്ക് കേരള ചരിത്ര പൈതൃക മ്യൂസിയം സന്ദർശിക്കാൻ അവസരം ഉണ്ടാകും.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7.30 ന് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&&

## ലഹരി വിരുദ്ധ സന്ദേശയാത്ര

സംസ്ഥാന കായിക വകുപ്പിന്റെ ലഹരി വിരുദ്ധ സന്ദേശയാത്ര ഈ മാസം 26 ന് മലപ്പുറത്ത് സമാപിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ തിരൂരിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&

## മഴ -സംസ്ഥാനം

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് ഈ മാസം 24 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&

## പഴശ്ശി ഡാം

കണ്ണൂർ പഴശ്ശി അണക്കെട്ടിന്റെ രണ്ട് ഷട്ടറുകൾ തുറന്നു. ഈ മാസം അവസാനത്തോടെ കാലവർഷം ശക്തമാകുമെന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ ജലവിതാനം ക്രമീകരിക്കുന്നതിന്റെ ഭാഗമായാണ് ഷട്ടറുകൾ തുറന്നത്. വളപട്ടണം പുഴയുടെ ഇരുകരകളിലുമുള്ളവർ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&&&&&&&&

## ഇടുക്കി-ചതുരംഗപ്പാറ (ഇൻട്രോ)

സഞ്ചാരികളുടെ ഇഷ്ട ഇടമായി മാറി ഇടുക്കിയിലെ ചതുരംഗപ്പാറ. തമിഴ്നാടൻ കാർഷിക ഗ്രാമങ്ങളുടെ വിദൂരകാഴ്ചകൾ സമ്മാനിക്കുന്ന ചതുരംഗപാറയുടെ ദൃശ്യങ്ങളാണ് സഞ്ചാരികളെ

ഏറെ ആകർഷിക്കുന്നത്. വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....

# (വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 688 പോയിന്റ് ഉയർന്ന് 81,872 ലും , നിഫ്റ്റി 212 പോയിന്റ് നേട്ടത്തിൽ 24,896 ലും വ്യാപാരം തുടരുന്നു. സ്വർണവില കൂടി. ഗ്രാമിന് 220 രൂപ വർധിച്ച് 8,930 രൂപയും, പവന് 71,440 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&&&

## സി.ബി.സി- ബോധവത്കരണം

കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കേരള-ലക്ഷദ്വീപ് മേഖലയിൽ സർക്കാരിൻറെ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഏജൻസികളിൽ നിന്ന് ഒരു വർഷത്തേക്ക് ടെൻഡർ ക്ഷണിച്ചു. ജൂൺ മൂന്നിന് മുൻപായി അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് cbcindia.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. 99 95 32 35 57 എന്ന ഫോൺ നമ്പറിലും വിവരങ്ങൾ ലഭ്യമാണ്.

&&&&&&&&&&&&&&&&&&&&&&&&&

PNU TVPM

## ഹജ്ജ് കരിപ്പൂർ

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ കരിപ്പൂരിലെ ഈ വർഷത്തെ ഹജ്ജ് ക്യാമ്പ് ഇന്ന് സമാപിക്കും. നാളെ പുലർച്ചെയുള്ള വിമാനത്തിൽ 169 തീർത്ഥാടകർ ജിദ്ദയിലേക്ക് പുറപ്പെടും. ഈ മാസം പത്തിനായിരുന്നു കരിപ്പൂരിൽ നിന്നുള്ള ആദ്യ വിമാനം.

&&&&&&&&&&&&&&&&&&&&&&&&&

## ഹജ്ജ് ലക്ഷദ്വീപ്

289 ഹജ്ജ് തീർത്ഥാടകരുമായി ലക്ഷദ്വീപിൽ നിന്നുള്ള സംഘം കൊച്ചി വിമാനത്താവളം വഴി ജിദ്ദയിലേക്ക് പുറപ്പെട്ടു. ഹജ്ജ് ക്യാമ്പിൽ ഒരുക്കിയ പ്രത്യേക യാത്രയയപ്പ് ചടങ്ങിൽ മന്ത്രി വി അബ്ദുറഹ്മാൻ, ലക്ഷദ്വീപ് MP ഹംദുള്ളാ സെയ്ദ് തുടങ്ങിയവർ പങ്കെടുത്തു.

RNUTVPM

&&&&&&&&&&&&&&&&&&&&&&&&&

## ഓപ്പറേഷൻ സിന്ദൂർ-രാജ്ഭവൻ

ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട് ഇന്ന് രാജ്ഭവനിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കും. ചിന്തകനും എഴുത്തുകാരനുമായ എസ്.ഗുരുമൂർത്തി സംസാരിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അധ്യക്ഷത വഹിക്കും. പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട രാമചന്ദ്രൻറെ കുടുംബാംഗങ്ങൾ പ്രത്യേക ക്ഷണിതാക്കളാണ്.

&&&&&&&&&&&&&&&&&&&&&&&&&

## അടൂർ പോളിടെക്നിക് കോളേജ്

അടൂർ എസ്.എൻ.ഐ.ടി പോളിടെക്നിക് കോളജിലെ ആദ്യ ബാച്ച് ഡിപ്ലോമ വിദ്യാർഥികളുടെ യാത്രയയപ്പ് ചടങ്ങിൻ്റെ ഉദ്ഘാടനം ജില്ലാ കളക്ടർ എസ്.പ്രേം കൃഷ്ണൻ നിർവഹിച്ചു.

ആകാശവാണി, ദൂരദർശൻ കേരളാ അഡീഷണൽ ഡയറക്ടർ ജനറൽ രാജു വർഗീസ് കോഴ്സ് സർട്ടിഫിക്കറ്റിൻറെ വിതരണോദ്ഘാടനം നിർവഹിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## <u>തുറമുഖം തട്ടിപ്പ്</u>

വിഴിഞ്ഞം തുറമുഖത്ത് ജോലി വാഗ്ദാനവുമായി 'ഒ.എൽ.എക്സ്' ആപ്പിൽ വ്യാജ പരസ്യം നൽകി തട്ടിപ്പിന് ശ്രമം. ഇത് സംബന്ധിച്ച് തുറമുഖ കമ്പനി അധികൃതർ പൊലീസിൽ പരാതി നൽകി. പിന്നാലെ തട്ടിപ്പുകാർ പരസ്യം പിൻവലിച്ചു. തൊഴിൽ തട്ടിപ്പിനെതിരെ ജാഗ്രത പാലിക്കണമെന്ന് തുറമുഖം അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## <u>വ്യാജ പ്രചാരണം -മുഖ്യമന്ത്രി</u>

സ്മാർട്ട് റോഡുകൾ ഉൾപ്പെടെ സംസ്ഥാനത്തെ 62 റോഡുകളുടെ ഉദ്ഘാടനത്തിൽ മുഖ്യമന്ത്രി പങ്കെടുക്കാത്തത് സംബന്ധിച്ച് ചില മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. ആരോഗ്യപരമായ കാരണങ്ങളാലാണ് മെയ് 16 ന് മുഖ്യമന്ത്രിയുടെ മൂന്നു പരിപാടികൾ മാറ്റി വച്ചതെന്നും CM ഓഫീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&